കാര്യം കൈകാര്യം ചെയ്തിട്ടുള്ളത്. പ്ലാനിംഗ് കമ്മിഷനാണ് ഇതിനെതിരായി വളരെ ശക്തമായ നിലപാട് സ്വീകരിച്ചിരിക്കുന്നത്. അതാണ് ബുദ്ധിമുട്ട്.

ഡെപ്യൂട്ടി സ്പീക്കർ: ചോദ്യം 912 എ മുതൽ എഫ് വരെയുള്ളതിന് 714-ാം നമ്പർ ചോദ്യത്തിന് ഉത്തരം പറഞ്ഞിട്ടുള്ളതാണ്. ജി, എച്ച് ഇവയ്ക്കുമാത്രം ഉത്തരം പറഞ്ഞാൽ മതി.

മന്ത്രിമാരുടെ പേരിലുള്ള അഴിമതിയാരോപണം

* 257 [912] ശ്രീ. എ. എസ്. പുരുഷോത്തമൻ:
,, പി. പി. ജോർജ്ജ്:
,, കെ. എം. ജോർജ്ജ്: } താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഹരിജനക്ഷേമവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1969 ആഗസ്റ്റ് മാസത്തിൽ നടന്ന നിയമസഭാ സമ്മേളനത്തിൽ ഗുരുതരമായ അഴിമതിയാരോപണങ്ങൾക്ക് വിധേയരായ മന്ത്രിമാരുടെ പേരിൽ കമ്മീഷൻ ഓഫ് എൻക്വയറി ആക്റ്റ് അനുസരിച്ച് അന്വേഷണം ഉടനെ ഉത്തരവ് ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് എം. എൽ. എ. മാരുടെ മെമ്മോറാണ്ടം ലഭിക്കുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ ഇപ്രകാരം എത്ര എം. എൽ. എ. മാർ ഒപ്പിട്ട മെമ്മോറാണ്ടം ലഭിക്കുകയുണ്ടായി;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം മന്ത്രിമാരെക്കുറിച്ചാണ് ഇപ്രകാരം പരാതി ലഭിച്ചിട്ടുള്ളത്;

(ഡി) ഓരോ മന്ത്രിയേയും കുറിച്ചുള്ള ആരോപണങ്ങൾ എന്തെല്ലാമെന്നും, ആരോപണങ്ങൾ സമർപ്പിച്ചതു ആരൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ഇ) ഈ ആരോപണങ്ങളെക്കുറിച്ചു വല്ല നടപടിയും സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) ആരോഗ്യമന്ത്രിയുടെയും വനം വകുപ്പുമന്ത്രിയുടെയും പേരിലുണ്ടായ അഴിമതി ആരോപണങ്ങൾ മുഖ്യമന്ത്രി പരിശോധിച്ചതിൽ അവർ പ്രഥമദൃഷ്ട്യാ കുറ്റക്കാരനല്ലെന്നു തീരുമാനമെടുത്തിരുന്നുവോ;

(ജി) ഇതേ കാലഘട്ടത്തിൽ ഇവരുടെ പ്രൈവറ്റ് സെക്രട്ടറിമാരെ മാറ്റം ചെയ്യുകയുണ്ടായോ;

(എച്ച്) ഉണ്ടെങ്കിൽ കാരണമെന്ത് ?

വനം മന്ത്രി (ശ്രീമതി. കെ. ആർ. ഗൗരി):

(ജി) വനംവകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയേയും, ആരോഗ്യവകുപ്പുമന്ത്രിയുടെ പി. എ. യേയും മാറ്റുകയുണ്ടായിട്ടുണ്ട്.

(എച്ച്) അവരുടെ ആവശ്യപ്രകാരം,

ശ്രീ. പി. പി. ജോർജ്ജ്: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പേരിൽ ഏതെങ്കിലും എം. എൽ. എ. മാരിൽ നിന്നും അഴിമതിയാരോപണത്തെ സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരിൽനിന്നാണെന്നു പറയാൻ ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി. കെ. ആർ. ഗൗരി: എന്റെ കൈവശമിരിക്കുന്ന ഉത്തരത്തിൽ അങ്ങനെ ഇല്ല. ഇത് നേരത്തെ തയ്യാറാക്കിയ ഉത്തരമാണ്. ഇതിൽ മുഖ്യ മന്ത്രിയും തൊഴിൽമന്ത്രിയും ഒഴിച്ചുള്ള മന്ത്രിമാരെക്കുറിച്ച് ആരോപ ണങ്ങളെ മെമ്മോറാണ്ടമായി കൊടുത്തിട്ടുണ്ടെന്നാണ് ഉള്ളത്. അതിനു ശേഷം കഴിഞ്ഞ ഒന്നോ, രണ്ടോ, മൂന്നോ ദിവസത്തിനകം ആരെങ്കിലും മെമ്മോ റാണ്ടം കൊടുത്തിട്ടുണ്ടോ എന്നറിവില്ല. ശ്രീ. കൃഷ്ണൻ സുഖമില്ലാതെ കിടക്കുകയാണ്. ഇതുപോലുള്ള മെമ്മോറാണ്ടം കിട്ടിയാൽ ഗവൺമെന്റി ലേക്ക് അയക്കാറില്ല; മന്ത്രി നടപടി എടുക്കും.

ശ്രീ. പി പി. ജോർജ്ജ്: മിക്ക മന്ത്രിമാരും ആരോപണവിധേയരായി രിക്കുന്ന സ്ഥിതിക്ക് ക്യാബിനറിനു സുഗമമായി പ്രവർത്തിക്കാൻ സാധിക്കാത്ത പരിതഃസ്ഥിതി ഉണ്ടായിട്ടുണ്ടോ ?

ശ്രീമതി. കെ. ആർ. ഗൗരി: ആരോപണവിധേയരായതുകൊണ്ട് ക്യാബിനറിന്റെ പ്രവർത്തനത്തിൽ ബുദ്ധിമുട്ടില്ല. സുഗമമായ പ്രവർ ത്തനത്തിന് ആരോപണം ഉണ്ടായതുകൊണ്ട് ഒരു വിഷമവുമില്ല. ആരോ പണം ആരേപ്പറ്റി വേണമെങ്കിലും ഉന്നയിക്കാം. ആരോപണം ശരിയാണോ തെറ്റാണോ എന്നു നോക്കുന്നതിനുവേണ്ടിയാണ് പ്രൈമാഫേസി കേസ് വേണമെന്നു തീരുമാനമെടുക്കാൻ കാരണം. ആരേപ്പറ്റിവേണമെങ്കിലും ആരോപണം കൊണ്ടുവരാം. ഇങ്ങനെയാണെങ്കിൽ എന്തെങ്കിലും ആരോപണം കൊണ്ടുവന്നാൽ മന്ത്രിസഭയെ മാറ്റാമല്ലോ. അതുകൊണ്ട് പ്രൈമാഫേസി കേസുണ്ടോ എന്നുനോക്കണം. ഇതുവച്ചുകൊണ്ടാണ് മുൻപ് മുഖ്യമന്ത്രി ഉത്തരം പറഞ്ഞിട്ടുള്ളത്.

ശ്രീ. കെ. എം. ജോർജ്ജ്: ആരോപണം പറയാൻ വേണ്ടി പറയുകയല്ല. ഈ നിയമസഭയിലെ ഉത്തരവാദപ്പെട്ട മെമ്പറന്മാർ ബഹുഭൂരിപക്ഷം 50 ശതമാനംവരെ ഇന്നയിന്ന മന്ത്രിയെപ്പറ്റി ആരോപണമുണ്ട്, തെളിവുതരാൻ തയ്യാറാണ്, കമ്മീഷൻ ഓഫ് എൻക്വയറി ആക്ടനുസരിച്ച് അന്വേഷി ക്കണമെന്നും പറഞ്ഞ് വ്യക്തമായ ആരോപണം വച്ചിട്ട് അവരുടെ പേരിൽ എന്തു നടപടി നടത്തി എന്നു പറയാൻ ദയവുണ്ടാകുമോ; കഴിഞ്ഞ ഉത്തരം തന്നുകഴിഞ്ഞതിനുശേഷമെങ്കിലും ഗവൺമെന്റിന്റെ മനസ്സിനു വല്ല മാറ്റവും വന്നിട്ടുണ്ടോ ?

ശ്രീമതി. കെ. ആർ. ഗൗരി: ശ്രീ. പി. പി. ജോർജ്ജ് ചോദിച്ചു മുഖ്യ മന്ത്രിയുടെ പേരിൽ ആരോപണം വന്നോ എന്ന്. അങ്ങനെയൊരു മെമ്മോ റാണ്ടം വന്നതായി കാണുന്നില്ല. എം.എൽ.എ. മാർ ഉത്തരവാദിത്വത്തോടു കൂടി പറയുകയാണെന്നു പറഞ്ഞാലും ആരോപണം വന്നാൽ അതിൽ പ്രൈമാഫേസി കേസുണ്ടോ എന്നു നോക്കണം. മന്ത്രിസഭയുടെ സുഗമമായ പ്രവർത്തനത്തിന് പ്രതിപക്ഷം ഇതുപോലുള്ള കരുക്കൾ വയ്ക്കുക യാണെങ്കിൽ അത് മന്ത്രിസഭ ഇല്ലാതാക്കുന്നതിന് ഉപകരിക്കും. എം.എൽ.എ. മാർ പറഞ്ഞു എന്ന ഒറ്റക്കാരണത്തിന്റെ പേരിൽ അന്വേഷി ക്കാൻ തുടങ്ങിയാൽ എല്ലാവരെപ്പറ്റിയും മെമ്മോറാണ്ടം എഴുതി അയച്ചു ട്ടുണ്ട്. അതുകൊണ്ട് ഉത്തരവാദിത്വത്തോടുകൂടി കൊടുത്തിരിക്കുന്നു എന്നു പറയുന്നതു ശരിയല്ല.

ശ്രീ. കെ. എം. ജോർജ്ജ്: പ്രതിപക്ഷങ്ങളെ മാത്രമല്ല ഭരണകക്ഷി യിലെ ഘടകകക്ഷികളെ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട മെമ്പർമാർ കമ്മീഷൻ ഓഫ് എൻക്വയറി ആക്ടനുസരിച്ച് ഇന്ന മന്ത്രിയുടെ പേരിൽ ബഹുമാന പെട്ട ആരോഗ്യവകുപ്പുമന്ത്രിയുടെ പേരിൽ ഇന്നയിന്ന ആരോപണങ്ങളുണ്ട്,

അന്വേഷിക്കണം, നടപടി നടത്തണം എന്ന് പ്രമേയം പാസ്സാക്കിയിട്ടു ഈ ഗവൺമെൻറ് എന്തെങ്കിലും നടപടി നടത്തിയോ ? എന്തെങ്കിലും നടപടിനടത്താനുള്ള വല്ല മനഃപരിവർത്തനവും മാർക്സിസ്റ്റ്പാർട്ടിക്കു വന്നിട്ടുണ്ടോ ?

ശ്രീമതി. കെ. ആർ. ഗൗരി: മാർക്സിസ്റ്റ്പാർട്ടിക്കുവേണ്ടിയല്ല. മാർക്സിസ്റ്റ്പാർട്ടിയെന്നുപറയുന്നതല്ല ഗവൺമെൻറ്. ഗവൺമെൻറ് എല്ലാ പാർട്ടികളും കൂടിയുള്ളതാണ്. അതു മനസ്സിലാക്കണം. ഇപ്പോഴും ജോർജ്ജ് പറഞ്ഞത് പ്രമേയം പാസ്സാക്കിയെന്നാണ്. പാസ്സാക്കിയാലും ഇല്ലെങ്കിലും ഗവൺമെൻറ് ഈ അഴിമതിയെ സംബന്ധിച്ച് യാതൊരുവിധത്തിലും കീഴടങ്ങുന്ന പ്രശ്നമില്ല. ഇന്നയിന്നകേസുകളിൽ അഴിമതിയുണ്ടെന്നു തോന്നുകയാണെങ്കിൽ തീർച്ചയായും അന്വേഷണം നടത്തുമെന്ന് ഞാൻ ആസന്നിഗ്ദ്ധമായി പറഞ്ഞതാണ്. കാൺസ്റ്റിറ്റ്യൂഷണൽ പ്രൊപ്രൈറ്റി അനുസരിച്ചും മറ്റു വിധത്തിലുള്ള ബുദ്ധിമുട്ടുകളും പരിഗണിച്ചും സാധാരണഗതിയിൽ മുഖ്യമന്ത്രി വരുന്നതുവരെ ഈ പ്രശ്നമൊന്നു മാറ്റിവയ്ക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. മാർക്സിസ്റ്റ്പാർട്ടിക്ക് ഇതുമായിട്ട് യാതൊരു ബന്ധവുമില്ല. നിയമസഭ പ്രമേയം പാസാക്കിയോ ഇല്ലയോ എന്നുള്ള പ്രശ്നത്തിലേക്കു ഞാൻ കടക്കുന്നില്ല. കമ്മീഷൻ ഓഫ് എൻകയറീസ് ആക്ടനുസരിച്ച് പാസ്സാക്കിയാൽ അതിനൊരു വകുപ്പുണ്ട്. പാസാക്കിയോ ഇല്ലയോ എന്നുള്ളതു് ഇവിടെ അന്യോന്യം പറഞ്ഞുകൊണ്ടിരിക്കുകയാണ്. പാസ്സാക്കിയിൽ അതിനുവകുപ്പുണ്ട്. ആ വകുപ്പനുസരിച്ച് ഗവൺമെൻറ് സാധാരണനിലയിൽ എന്തെങ്കിലും ചെയ്യണമെന്നു പറഞ്ഞാൽ ആ വകുപ്പ് നടപ്പിലാക്കുന്നതിന് ഗവൺമെൻറ് തീർച്ചയായിട്ടും എതിരായിരിക്കുകയില്ല. പാസ്സാക്കിയോ ഇല്ലയോ എന്നുള്ളതിനെക്കുറിച്ച് നിയമസഭയിൽ തർക്കവിഷയമായിരിക്കുകയാണ്.

ശ്രീ. കെ. എം. മാണി: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ.

ശ്രീ. ഇ. ജോൺ ജേക്കബ്ബ്: സർ.....

ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ. നിയമസഭയിൽ അതിനെ സംബന്ധിച്ച് തർക്കമില്ല. ചില വ്യക്തികൾക്കും കക്ഷികൾക്കും തർക്കമുണ്ടായിരിക്കാം.

ശ്രീ. കെ. കരുണാകരൻ: പ്രതിപക്ഷത്തിൻെറ കരുക്കൾ എങ്ങനെയെങ്കിലുമിരിക്കട്ടെ. ഭരണകക്ഷിയിൽനിന്നുതന്നെ ആരോപണങ്ങൾ വന്നിട്ടുണ്ട്. ഏതായാലും 3-ാം തീയതി പാസ്സാക്കിയപ്രമേയം പോകട്ടെ ചോദ്യോത്തരത്തിൽ തന്നെ അന്വേഷണം നടത്താനുള്ള ചുമതല ഹോം മിനിസ്റ്റർക്കാണെന്ന് ഈ ഭാഗത്തുനിന്നും ചൂണ്ടിക്കാണിച്ചപ്പോൾ അതുസംബന്ധിച്ചുള്ള നിയമോപദേശം തേടിക്കൊണ്ടിരിക്കുകയാണെന്നും അഡ്വക്കേറ്റ് ജനറാളിൻെറ അഭിപ്രായം അറിഞ്ഞ ഉടനെ നടപടികൾ നടത്താമെന്നും പറയുകയുണ്ടായി. അഡ്വക്കേറ്റ് ജനറലിൻെറ അഭിപ്രായം എന്തെങ്കിലും അറിഞ്ഞോ; എന്താണ് അഡ്വക്കേറ്റ് ജനറൽ അഭിപ്രായം പറഞ്ഞിട്ടുള്ളത്; അതുസംബന്ധിച്ച് എന്തുനിലപാടാണ് ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത് ?

ശ്രീമതി. കെ. ആർ. ഗൗരി: ഫയലിൽ അതൊന്നും കാണുന്നില്ല. ഞാനാണ് എഴുതിച്ചോദിച്ചത്. അതിനുശേഷം ഇവിടെ പിന്നെയും വന്ന അവസരത്തിൽ ഞാൻ വിളിച്ചു ചോദിച്ചു. ഉടനെ അഭിപ്രായം അയച്ചുതരാമെന്നാണ് പറഞ്ഞത്. ഇതുവരെ കിട്ടിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.എ. ശിവരാമഭാരതി: വളരെയേറെ ഉത്തരവാദിത്വമുള്ള ബഹുമാനപ്പെട്ട മന്ത്രിമാരുടെ പേരിൽ വരുന്ന ആരോപണങ്ങൾ ഇത്ര അലക്ഷ്യമായ നിലയിൽ കൈകാര്യം ചെയ്യുന്നത് ശരിയാണോ; ഈ നിലയിൽ നടപടി സ്വീകരിച്ചുകഴിഞ്ഞാൽ ഗവൺമെൻറുതലത്തിലുള്ള ഉദ്യോഗസ്ഥൻമാരിൽ തന്നെ വൈഷമ്യങ്ങളും ബുദ്ധിമുട്ടും ഉണ്ടാക്കുകയില്ലേ; അവരെതന്നെ അഴിമതിക്ക് പ്രേരിപ്പിക്കുന്ന സാഹചര്യം സൃഷ്ടിക്കുകയില്ലേ. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തിരമായ നടപടി സ്വീകരിക്കുമോ ?

ശ്രീമതി. കെ. ആർ. ഗൗരി: അലക്ഷ്യമൊന്നുമില്ല. ശിവരാമഭാരതിയോടു പറയുകയാണ് ഇത് വലിയൊരു പ്രശ്നമാണ്. അലക്ഷ്യമായ പ്രശ്നമൊന്നുമില്ല. അലക്ഷ്യമെന്നു പറഞ്ഞ് തള്ളിക്കളയാൻ പറ്റുകയില്ല. ഏതെങ്കിലും ഒരു ഗവൺമെൻറിനെ മാറണമെന്നുണ്ടെങ്കിൽ മുഖ്യമന്ത്രിയുടെപേരിൽ ആരോപണം വച്ച് ഞങ്ങൾ തെളിവുതരാമെന്ന് എഴുതികൊടുത്താൽ ഉടനെ അന്വേഷണം order ചെയ്താൽ മന്ത്രിസഭകാണുകയില്ല. ഇതാണ് അഴിമതിവിരോധാഘോഷത്തിൻെറ പിന്നിലെക്കഥയും.

(ii) WRITTEN ANSWERS

ടി. സി. സി.

* 258 [914] ശ്രീ. എം. കെ. ദിവാകരൻ :
ശ്രീ. ടി. എ. മജീദ് : } താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ മന്ത്രി സദയം മറുപടി നൽകുമോ :

(എ) 1967–68, 1968–69 എന്നീ വർഷങ്ങളിൽ ടി. സി. സി. യുടെ ലാഭം എന്ത് ;

(ബി) 1967–68-നെ അപേക്ഷിച്ച് 1968–69-ൽ ടി.സി.സി. യുടെ മൊത്തവിൽപനയിലെ പുരോഗതി എന്താണ് ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) ടി. സി. സി. യ്ക്ക് 1967–68-ൽ 16.88 ലക്ഷം രൂപ നഷ്ടവും 1968–69-ൽ 16.87 ലക്ഷം രൂപ ലാഭവും ഉണ്ടായിട്ടുണ്ട്.

(ബി) 1967–68-നെ അപേക്ഷിച്ച് 1968–69-ൽ ടി. ടി. സി. യിലെ മൊത്തവിൽപന 1 കോടി 53 ലക്ഷത്തിൽനിന്നു 3 കോടി 1 ലക്ഷമായി വർദ്ധിച്ചിട്ടുണ്ട്.

Promotion of Tourism

* 259 [917] **Shri S. P. Luiz :** Will the Works Minister be pleased to state:

(*a*) Is there a Central Body in this State to look after the promotion of Tourism ;

(*b*) If so which is the Central Body and who are its members ;

(*c*) Have the Government considered the question of getting the active co-operation of those who have contact with foreign countries for the promotion of Tourism ?

LIBRARY ARCHIVES Kerala Legislative Assembly